# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 2975/11/12/2024/റ്റി വി എം.**

ഹർജിക്കാരി : ഷാരോൺ ആൻ തോമസ്,
സോഷ്യൽ വർക്കർ, The Banyan

e mail : Sharon@thebanyan.org

എതിർ കക്ഷി :

**ഉത്തരവ് തീയതി : 14-10-2025.**

മാനസിക വെല്ലുവിളി നേരിടുന്ന ആൾക്കാരെ സംരക്ഷിക്കുന്ന BANYAN എന്ന സംഘടനയിലെ അന്തേവാസികൾക്ക് ആധാർ കാർഡ് ലഭിക്കുന്നതിനുള്ള തടസ്സം നീക്കാൻ നടപടി ഉണ്ടാകണമെന്നാണ് പരാതിയിലെ ആവശ്യം

2. പരാതിയിമേൽ സാമൂഹ്യനീതി ഡയറക്ടർ 24/5/2025 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. BANYAN എന്ന സംഘടനയിലെ അന്തേവാസികൾക്ക് ആധാർ കാർഡ് ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്താണെന്ന് ഹർജിയിൽ വ്യക്തമാക്കാത്തതിനാൽ ആയതിന്റെ വിശദവിവരങ്ങൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് 22.7.2024 ന് സംഘാടനയ്ക്ക് കത്തയച്ചെങ്കിലും നാളിതുവരെ മറുപടി ലഭിച്ചില്ലെന്നും അതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സ്ഥാപനത്തിന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും സ്ഥാപനത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് റിപ്പോർട്ട്.

3. പരാതി പരിശോധിച്ചതിൽ എത്ര അന്തേവാസികൾക്ക് ആധാർ കിട്ടാനുണ്ട്, അവരുടെ പേര് വിവരങ്ങൾ എന്താണ്, ആധാർ ലഭിക്കുന്നതിനെ ആരാണ് തടസ്സപ്പെടുത്തുന്നത്, എന്ത് തരത്തിലുള്ള തടസ്സങ്ങളാണ് ഉണ്ടാക്കുന്നത് മുതലായ കാര്യങ്ങൾ ഒന്നും തന്നെ പറഞ്ഞു കാണുന്നില്ല. നടപടി സ്വീകരിക്കാൻ ആവശ്യമായ വിവരങ്ങൾ ഒന്നും പരാതിയിൽ ഇല്ലെന്നാണ് സാമൂഹ്യ നീതി ഡയറക്ടറുടെ റിപ്പോർട്ടിലും പറയുന്നത്.

4. ഹർജിക്കാരി ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. BANYAN എന്ന സംഘടനയിലെ അന്തേവാസികൾക്ക് ആധാർ കാർഡ് കിട്ടുന്നതിനുള്ള നടപടി

ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തുള്ള സ്റ്റേഷൻ സെന്ററിലെ 13 അന്തേവാസികൾക്കാണ് നിലവിൽ ആധാർ കാർഡ് ഇല്ലാത്തതെന്ന് ഹർജിക്കാരി ബോധിപ്പിച്ചു.

5. ഈ സാഹചര്യത്തിൽ ഹർജിക്കാരി വ്യക്തവും കൃത്യവുമായ പരാതി ഈ ഉത്തരവിന്റെ പകർപ്പ് സഹിതം, ആധാർ കാർഡ് ലഭിക്കാത്ത, സംഘടനയിലെ അന്തേവാസികളുടെ പേര് വിവരങ്ങളും. ടി അന്തേ വാസികൾക്ക് ആധാർ കാർഡ് ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും ചേർത്ത് മലപ്പുറം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഹർജിക്കാരിക്കും ആധാർ കാർഡ് കിട്ടാത്തവരായി പരാതിയിൽ പേര് ചേർത്തിട്ടുള്ളവർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരെ നേരിട്ട് കേട്ട് ടി അന്തേവാസികൾക്ക് ആധാർ കാർഡ് ഉണ്ടോ ഇല്ലയോ, ആധാർ കാർഡ് ഇല്ലെങ്കിൽ അവർ ആധാർ കാർഡ് ലഭിക്കുന്നതിന് അർഹരാണോ, അവർക്ക് ആധാർ കാർഡ് ലഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ആണ് ഉണ്ടാകുന്നത്, മുതലായ വിവരങ്ങൾ എല്ലാം ശേഖരിച്ച ശേഷം Unique Identification Authority of India യുടെ കീഴിൽ ആധാർ കാർഡ് വിതരണം ചെയ്യുന്നതിന് മലപ്പുറം ജില്ലയിലെ അധികാരപ്പെട്ട സ്ഥാപനം ഏതാണെന്ന് കണ്ടെത്തി ഹർജിക്കാരിയുടെ പരാതിയിൽ പേര് വിവരങ്ങൾ ചേർത്തിട്ടുള്ള 13 അന്തേവാസികൾക്ക് ആധാർ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കി മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർ പരാതി പരിഹരിക്കണം.

6. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരിക്കും മലപ്പുറം ജില്ല സാമൂഹ്യ നീതി ഓഫീസർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

j/

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.